# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 648      24/01/2018-ൽ മറുപടിക്ക്

## കാട്ടാക്കടയിൽ മിനി വൈദ്യുതി ഭവൻ

| | ചോദ്യം<br><br>**ശ്രീ.ഐ.ബി. സതീഷ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാട്ടാക്കടയിൽ മിനി വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ എവിടെവരെയായിയെന്ന് വിശദമാക്കാമോ; ആയതിനുള്ള തുടർ നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (എ) | കാട്ടാക്കടയിൽ മിനി വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിന് 2 കോടി 30 ലക്ഷം രൂപയുടെ ഭരണാനുമതി 15.11.2017-ൽ ബോർഡ് നൽകിയിട്ടുണ്ട്. കെട്ടിടം പണിയുന്നതിന് മുന്നോടിയായുള്ള താഴെപ്പറയുന്ന നടപടികൾ കാട്ടാക്കട ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ് മുഖേന വളരെ വേഗം പുരോഗമിച്ച് വരുന്നു.<br><br>1. നിലവിൽ കാട്ടാക്കട ഇലക്ട്രിക്കൽ സെക്ഷനും സബ് ഡിവിഷനും പ്രവർത്തിക്കുന്ന 50 വർഷത്തിലധികം പഴക്കമുള്ള കെട്ടിടം പൊളിച്ച് മാറ്റി പ്രസ്തുത സ്ഥലത്താണ് പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. ഓഫീസുകൾ മാറ്റുന്നതിന് വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>2. നിർദ്ദിഷ്ട സ്ഥലത്ത് നിൽക്കുന്ന 16 മരങ്ങൾ മുറിച്ച് മാറ്റുന്നതിന് 25.01.2018-ൽ ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>3. പ്രസ്തുത സ്ഥലത്തു കിടന്നിരുന്ന സ്ക്രാപ്പ് വസ്തുക്കൾ മാറ്റുന്നതിനും ഇതോടൊപ്പം പഴയ കെട്ടിടം സർവ്വേ റിപ്പോർട്ട് ചെയ്തു പൊളിച്ച് മാറ്റുന്നതിനും ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | നിർദ്ദിഷ്ട കെട്ടിട സമുച്ചയത്തിന്റെ ടെണ്ടർ ഡ്രായിങ്ങും ഡിസൈൻ ഡ്രായിങ്ങും അംഗീകരിച്ച ശേഷം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ